**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1146 | 12.03.2015 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**<u>കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം</u>**

*ചോദ്യം*

ശ്രീ. എ. എം. ആരിഫ്

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യൂണിവേഴ്സിറ്റികളിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ടുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം; | (എ) | കേരള സർവ്വകലാശാലയിൽ, കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചു കൊണ്ടുള്ള രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ശ്രീമതി ഷീജ കെ. പി. യുടെയും ഫിസിക്സിൽ ശ്രീമതി ബീനകുമാരി. സി. യുടെയും പ്രബന്ധങ്ങളെപ്പറ്റിയാണ് പരാതി ലഭിച്ചിട്ടുള്ളത്.<br><br>ശ്രീ ശങ്കരാചാര്യ സർവ്വകലാ ശാലയിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ട് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഫിലോസഫി വിഭാഗം ഗവേഷക ശ്രീമതി സുമി കെ. എസ്. സർപ്പിച്ച ഗവേഷണ പ്രബന്ധത്തിനെതിരെയാണ് ഇത്. ശ്രീമതി സുമി. കെ. എസ്. ന് ഇതുവരെ പി. എച്ച്. ഡി അവാർഡ് ചെയ്തിട്ടില്ല.<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ 5 പരാതികൾ കിട്ടിയിട്ടുണ്ട്.<br><br>1) 12.09.2014 ൽ അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.കാലിക്കറ്റ് വൈസ് ചാൻസലറോട് ശ്രീ. വീരമണികണ്ഠൻ, എൻ, സൈക്കോളജിയിൽ തയ്യാറാക്കിയ "സൈക്കോളജിക്കൽ ഡൈനാമിക്സ് ഓഫ് ആസ്മ ഇൻ റിലേഷൻ ടു വേറിയസ് എറ്റിയോളജിക്കൽ ആന്റ് തൊറാപ്യൂട്ടിക് അപ്രോച്ചസ് ആന്റ് പ്രോഗ്നോസിസ്" എന്ന ഗവേഷണ പ്രബന്ധവുമായി ബന്ധപ്പെട്ട് പ്ലാജിയാരിസം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നു.<br><br>2) ഇതേ വിഷയത്തിൽ ശ്രീ. ജ്യോതികുമാർ ചാമക്കാലയും (സെനറ്റ് മെമ്പർ, കേരള |

| | | | |
|---|---|---|---|
| | | | സർവ്വകലാശാല) അഭിപ്രായം പ്രകടിപ്പിച്ച് വൈസ്ചാൻസലർക്ക് 23.11.2014 ന് കത്തയച്ചിട്ടുണ്ട്.<br><br>3) റഷ്യൻ ആന്റ് കംപാരിറ്റീവ് ലിറ്ററേച്ചർ വകുപ്പിൽ ഗസ്റ്റ് ലക്ചറർ ആയ എം. ശ്രീകല തയ്യാറാക്കിയ അന്നകരീന ആന്റ് ബിമല – എ സ്ട്രേഞ്ച് മീറ്റിംഗ് ഇൻ ഫെമിലിയൻ ലൗവ് ആന്റ് അൺഫെമിലിയർ ഹാപ്പിനെസ്സ് എന്ന ഗവേഷണ പ്രബന്ധത്തെക്കുറിച്ച് ശ്രീ രാജേന്ദ്രൻ കെ. വാര്യർ പരാതി സമർപ്പിച്ചിട്ടുണ്ട്.<br><br>4) ഒരു പൊതുപ്രവർത്തകൻ എന്ന പേരിൽ ലഭിച്ച പരാതി മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ ശ്രീ. പി.കെ. ഗോപൻ എന്നയാളുടെ ഗവേഷണ പ്രബന്ധത്തെക്കുറിച്ചാണ്.<br><br>5) 1957 ലെ വിമോചന സമരത്തെ ആസ്പദമാക്കി 2014 ൽ ഗവേഷണ പ്രബന്ധം സമർപ്പിച്ച ശ്രീ. പി.എം. സലിം, അസിസ്റ്റന്റ് പ്രൊഫ., ഗവ. കോളേജ്, കാസർഗോഡ് എന്നയാളുടെ ഗവേഷണ പ്രബന്ധത്തെക്കുറിച്ച് ഒരു ഗവേഷണ സ്നേഹി എന്ന പേരിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്.<br><br>മറ്റ് സർവ്വകലാശാലകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടില്ല. |
| (ബി) | യൂണിവേഴ്സിറ്റികളിൽ നിന്നും ഡോക്ടറേറ്റ് നേടിയ ആരുടെയെല്ലാം പ്രബന്ധങ്ങൾ ഇപ്പോൾ യൂണിവേഴ്സിറ്റികളിൽ നിന്നും അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | മഹാത്മാഗാന്ധി സർവ്വകലാശാല ഒഴികെ കേരളത്തിലെ ഒരു സർവ്വകലാശാലയിൽ നിന്നും ഗവേഷണപ്രബന്ധങ്ങൾ അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നൽകിയതിൽ 35 പ്രബന്ധങ്ങൾ ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ